നടത്തിവരുന്നു. പി.എസ്.സി. വഴി നിയമനം നടത്തേണ്ട എല്ലാ തസ്തികകളിലേക്കുമുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താതെ പി.എസ്.സി. നിയമന ശുപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾക്കുമാത്രം നിയമനം നൽകുവാൻ 7-11-2001-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുതലവന്മാർക്കും പൊതുമേഖലാ-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം നടത്തേണ്ട തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്ത് വരുന്നുണ്ടെങ്കിൽ പി.എസ്.സി. മുഖാന്തിരമുള്ള ഉദ്യോഗാർത്ഥി ജോലിക്ക് റിപ്പോർട്ട് ചെയ്യുന്ന അതേ ദിവസം ദിവസവേതന ജീവനക്കാരെ പിരിച്ചുവിടേണ്ടതാണെന്ന് 19-7-2006-ലെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും പൊതുമേഖലാ-അർദ്ധസർക്കാർ-സ്വയംഭരണ സ്ഥാപന മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥിരം ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്യുവാൻ വിവിധ സർക്കുലറുകൾ പ്രകാരം എല്ലാ വകുപ്പു മേധാവികൾക്കും പൊതുമേഖലാ-അർദ്ധസർക്കാർ-സ്വയംഭരണസ്ഥാപനങ്ങൾ, ജില്ലാ കളക്ടർമാർ തുടങ്ങിയവർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, 2001-ലെ സർക്കുലർ പ്രകാരം ഒഴിവുകൾ റിപ്പോർട്ടുചെയ്യുന്നതിനും താൽക്കാലിക ജീവനക്കാരെ പി.എസ്.സി. ഹാൻഡ്സ് വരുന്ന ഉടൻതന്നെ പിരിച്ചുവിടുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. പക്ഷേ, പ്രായോഗിക തലത്തിൽ അത് നടക്കുന്നില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഇങ്ങനെയുള്ള നിർദ്ദേശങ്ങൾ ലംഘിച്ചിട്ടുള്ള വകുപ്പുമേധാവികൾക്കെതിരായും ഉദ്യോഗസ്ഥർക്കെതിരായും നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അത്തരത്തിലുള്ള പ്രത്യേകം കേസ്സുകൾ ബഹുമാനപ്പെട്ട അംഗം അറിയിച്ചാൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടി

ശ്രീ. കെ. രാജു : സർ, കേരളത്തിലെ ഡാമുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന എക്കലും മണലും ചെളിയും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, സർക്കാരിന്റെ ഭാഗത്തു നിന്നും അടിയന്തരമായ നടപടി ഉണ്ടാകുന്നതിനും വേണ്ടിയാണ് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. കേരളത്തിലെ മിക്കവാറും എല്ലാ ഡാമുകളിലും ഉയർന്ന പ്രദേശങ്ങളിൽ നിന്ന് മഴവെള്ളം കുത്തനെ ഒലിച്ചിറങ്ങി ഡാമിൽ

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിക്കിടക്കാവുന്ന തരത്തിലുള്ള റിസർവോയറുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് കുത്തൊഴുക്കിന്റെ ഭാഗമായി മഴവെള്ളത്തോടൊപ്പം മണലും എക്കലും ചിലപ്പോൾ വൃക്ഷങ്ങൾ പോലും ഒഴുകിവന്ന് ഡാമുകളുടെ റിസർവ്വോയറിൽ കെട്ടിക്കിടക്കുന്ന സ്ഥിതിയാണ് ഉള്ളത്. ജലസേചനത്തിനുവേണ്ടിയും കറണ്ട് ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയും കുടിവെള്ള സംഭരണത്തിനുവേണ്ടിയുമൊക്കെ നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ വൻകിട ഡാമുകൾ ഇതുപോലുള്ള ആവശ്യങ്ങൾക്കുവേണ്ടി ഇനി എത്ര നാൾ ഉപയോഗിക്കാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ആശങ്കപ്പെടേണ്ട ഒരു സമയത്തിലേക്ക് വന്നിരിക്കുന്നു എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഉദാഹരണമായി തെന്മല ഡാമിന്റെ സ്ഥിതി പരിശോധിച്ചാൽ, തെന്മല ഡാമിന്റെ റിസർവോയറിന്റെ കപ്പാസിറ്റി ഏതാണ്ട് 13 ശതമാനത്തോളം ഇതിനോടകംതന്നെ കുറഞ്ഞിരിക്കുന്നു എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതുതന്നെയാണ് കേരളത്തിലെ എല്ലാ ഡാമുകളുടെയും സ്ഥിതി. ഈ ഡാമുകളുടെ റിസർവോയറുകളിൽ എക്കലും മണലും കെട്ടിക്കിടക്കുന്നതുമൂലം, ഇപ്പോഴത്തെ കാലാവസ്ഥാവ്യതിയാനത്തിന്റെ കാലഘട്ടത്തിൽ വളരെ ശക്തമായ മഴ ഒരാഴ്ചക്കാലം പെയ്യേണ്ടകാര്യമില്ല, ഒന്നോ രണ്ടോ ദിവസം പെയ്തു കഴിഞ്ഞാൽ അപ്പോൾ തന്നെ ഡാമുകളിലെ ജലം ക്രമാതീതമായി ഉയർന്ന് കവിഞ്ഞ് ഒഴുകുന്ന നിലയിലേക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. വെള്ളം അവിടെ ശേഖരിച്ചു നിർത്തുന്നതിന് കഴിയാത്ത ഒരു സാഹചര്യം അതുമൂലം വരികയാണ്. മഴയുടെ കാര്യം പറഞ്ഞതുപോലെതന്നെ വേനൽക്കാലമായിക്കഴിഞ്ഞാൽ ഒരുമാസത്തെ വേനൽ വരുന്നതിനുമുമ്പ് ഡാമിലെ വെള്ളം വറ്റുകയാണ്. അതുകൊണ്ട് കുടിവെള്ള വിതരണത്തിനും അതുപോലെതന്നെ ജലസേചനത്തിനും കറണ്ട് ഉൽപ്പാദിപ്പിക്കുന്നതിനും ഡാമുകളിലെ വെള്ളം ഉപയോഗിക്കാൻ കഴിയാത്ത ഒരു നിലയിലേക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. ഡാമുകൾ രൂപം കൊണ്ടതിനുശേഷം നാളിതുവരെ അതിന്റെ എക്കലോ മണലോ മണ്ണോ ചെളിയോ വാരിക്കളയാത്തതുകൊണ്ട് റിസർവോയറിന്റെ ആഴം വളരെ വളരെ കുറഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ ഇക്കാര്യം ഗവൺമെന്റ് അടിയന്തരമായിട്ടുള്ള പഠനത്തിന് വിധേയമാക്കണം. നേരത്തെ നിയമസഭയിൽ തന്നിട്ടുള്ള മറുപടിയിൽ പഠനത്തിനുവേണ്ടിയുള്ള ഏർപ്പാടുകൾ നടന്നതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. മണലും എക്കലുമെല്ലാം വാരിക്കളയുന്നതുമായി ബന്ധപ്പെട്ടും മണൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ടും ഒരു മന്ത്രിസഭാ ഉപസമിതി തന്നെ രൂപീകരിച്ചതായും ഈ സഭയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇതൊക്കെയാണെങ്കിൽപോലും കേരളത്തിലെ ഡാമുകളുടെ റിസർവോയറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യമായ യാതൊരു നടപടിയും നടക്കുന്നില്ല എന്നുള്ളതാണ് വസ്തുത. ഭാവിയിൽ അത് വളരെ കുഴപ്പം ചെയ്യും. അതുകൊണ്ട് വകുപ്പുകൾ ഏതുതന്നെയായാലും, ഇലക്ട്രിസിറ്റി വകുപ്പായാലും റവന്യൂ വകുപ്പായാലും വനം വകുപ്പായാലും ജലവിഭവ വകുപ്പായാലും ഈ വകുപ്പുകൾ സംയുക്തമായി ചേർന്ന് ഏത് ഡാമിലായാലും ശരി, ആ ഡാമിൽ കിടക്കുന്ന എക്കലും മണലും വാരിക്കളയേണ്ടത് വളരെ ആവശ്യമായി വന്നിരിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടമാണ്. അടിയന്തരമായി അതിനുള്ള നടപടികൾ സ്വീകരിക്കണം. അതോടൊപ്പം മറ്റൊരു കാര്യം പറയാനുള്ളത്, നിർമ്മാണമേഖലയിൽ ഇപ്പോൾ അവശ്യവസ്തുക്കൾ ലഭിക്കാത്തതുമൂലം വളരെ ബുദ്ധിമുട്ടിലാണ്. മണലാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഈ ഡാമുകളുമായി ബന്ധപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ അടക്കം നിർമ്മാണപ്രവർത്തനത്തിന് മണൽ കിട്ടാത്ത സാഹചര്യമുണ്ട്. ഇപ്പോൾ എം-സാന്റിനെയാണ് ആളുകൾ ആശ്രയിക്കുന്നത്. എം-സാന്റിന്റെ വില ക്രമാതീതമായി മുതലാളിമാർ നിശ്ചയിക്കുന്നതനുസരിച്ച് വർദ്ധിക്കുകയാണ്. പാവപ്പെട്ടവർക്ക് ഇ. എം. എസ്. ഭവന പദ്ധതിയിൽപ്പെട്ട തായാലും എം. എൻ. ഭവന പദ്ധതിയുടെ പുനരുദ്ധാരണത്തിൽപ്പെടുത്തിയായാലും വീട് വയ്ക്കുന്നതിന് കഴിയാത്ത ഒരു സാഹചര്യത്തിലേക്ക് മണലിന്റേയും അതുപോലെതന്നെ മറ്റ് നിർമ്മാണ ഉപകരണങ്ങളുടേയും വില കൂടിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഡാമുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന മണൽ കണ്ടെത്തി വാരി, സംസ്ക്കരിച്ച് ഉപയോഗിക്കാൻ കഴിയുന്ന കാര്യമായ ഒരു നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തരമായി ഉണ്ടാകണം. ആ മണലിന്റെ വില ഗവൺമെന്റ് നിയന്ത്രിച്ച് ആളുകൾക്ക് കൊടുക്കാൻ കഴിയണം. അതോടൊപ്പംതന്നെ എം-സാന്റിന്റെയും മറ്റും ക്രമാതീതമായ വില നിയന്ത്രിക്കാൻ കഴിയണം. ഈവകകാര്യങ്ങളിലെല്ലാം ഗവൺമെന്റ് അടിയന്തരമായിട്ടുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നത് ഡീ-സിൽറ്റിംഗ് ഓഫ് ഡാംസ് എന്ന നിലയിൽ നയപരമായ തീരുമാനമായിത്തന്നെ സംസ്ഥാന ഗവൺമെന്റ് കൈക്കൊള്ളുകയും അതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ അതിന്റെ നടപടികൾ ഫലപ്രാപ്തിയിൽ കൊണ്ടുവരികയും ചെയ്തു. അതിന്റെ ഭാഗമായി തുടക്കത്തിൽ ജലസേചന വകുപ്പിന്റെ കീഴിലുള്ള റിസർവോയറുകളിലെ മണ്ണും എക്കലും മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. എന്നാൽ അതിന്റെ തുടർ നടപടി എന്നനിലയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള ഡാമുകളിലേയും മണൽ വാരുന്നതിനും എക്കൽ റിമൂവ് ചെയ്യുന്നതിനുമാവശ്യമായിട്ടുള്ള നടപടികളുമായി ഇപ്പോൾ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. ഈ കാര്യത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി ഒരു മന്ത്രിസഭാ ഉപസമിതിയെത്തന്നെ മന്ത്രിസഭ തീരുമാനിച്ച് അത് മിക്കവാറും കൂടി പ്രവർത്തന പുരോഗതി വിലയിരുത്തുകയാണ്. ഇതിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാന ജലസേചന വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ, മംഗലം, കാഞ്ഞിരപ്പുഴ, പീച്ചി, വാഴാനി, ചുള്ളിയാർ, പോത്തുണ്ടി, വാളയാർ, മീൻകര, പൂമല എന്നീ ജലസംഭരണികളിൽ എക്കൽ അടിയുന്നത് സംബന്ധിച്ച് ഇന്റഗ്രേറ്റഡ് ബാക്ക്മട്രിക് സിസ്റ്റം (IBS) സ്റ്റഡി 'KERI' എന്ന് പറയുന്ന സ്ഥാപനം ഇതിനകംതന്നെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് അണക്കെട്ടുകളോട് ചേർന്നുള്ള ജലസംഭരണികളിൽ നിന്ന് മണൽ വാരുന്നതിന് മന്ത്രിസഭാ ഉപസമിതിയുടെ മേൽനോട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ സംവിധാനങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നവയാണ്.

(1) അരുവിക്കര, ചുള്ളിയാർ ജലസംഭരണിയിൽ നിന്ന് ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം മണലും ചെളിയും നീക്കംചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ മന്ത്രിസഭാ ഉപസമിതി ഭരണാനുമതി നൽകിയിട്ടുണ്ട്.

(2) മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും യന്ത്രവൽക്കൃതമായി ചെളിയും മണലും നീക്കുന്നതിനായി കെംടെൽ എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സംഭരണിയിൽ നിന്നും 3 ലക്ഷം ക്യൂബിക് മീറ്റർ മണൽ ഇതിനകംതന്നെ നീക്കം ചെയ്തു കഴിഞ്ഞു. ഇതിൽ 1.16 ലക്ഷം ക്യൂബിക് മീറ്റർ മണലിന്റെ വില്പനയും നടത്തിക്കഴിഞ്ഞിട്ടുണ്ട്.

(3) ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ കണ്ണൂർ ജില്ലയിൽ പഴശ്ശി ജല സംഭരണിയിൽ നിന്നും മണലും ചെളിയും നീക്കം ചെയ്തു വരികയാണ്.

(4) ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള പോവർ പെരിയാർ ജലസംഭരണിയിൽ നിന്നും മണൽ നീക്കുന്നതിനായി ട്രാവൻകൂർ സിമന്റ്സ് എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിലേക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടനെ തന്നെ ആരംഭിക്കുന്നതാണ്.

(5) നെയ്യാർ, കുറ്റ്യാടി, പീച്ചി, മീൻകര, പൂമല, വാഴാനി, പോത്തുണ്ടി എന്നീ ജലസംഭരണികളിൽ നിന്ന് ചെളിയും മണലും നീക്കം ചെയ്യുന്നതിനായി മന്ത്രിസഭാ ഉപസമിതി അനുമതി നൽകിയിട്ടുണ്ട്. ഇവിടെയെല്ലാം ഇത് സംബന്ധമായിട്ടുള്ള പഠനങ്ങൾ നടന്നു വരികയാണ്.

അങ്ങനെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദീർഘകാലമായി ഉന്നയിക്കപ്പെടുന്ന പ്രധാനപ്പെട്ട ഈ ആവശ്യം പരീക്ഷണാർത്ഥം കഴിഞ്ഞ വർഷം ആരംഭിക്കുകയും അത് ഒരുപാട് സാങ്കേതികവും സാമൂഹ്യവുമായ പ്രശ്നങ്ങളുടെ പേരിൽ ആഗ്രഹിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല എന്നുള്ള വസ്തുത ശരിയാണ്. എന്നാൽപ്പോലും അതിന് തുടക്കം കുറിക്കാൻ കഴിഞ്ഞു. ആ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഒക്കെ മാറ്റി ഈ സാമ്പത്തിക വർഷം അവശേഷിക്കുന്ന സീസണിൽ കുറേക്കൂടി ഫലപ്രദമായ നിലയിൽ, കാര്യക്ഷമമായ നിലയിൽ മണൽ എടുപ്പും മണൽ നീക്കവും സാധ്യമാക്കാൻ കഴിയും എന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു : സർ, ഇക്കൂട്ടത്തിൽ തെന്മല ഡാമിന്റെ കാര്യം അങ്ങ് പ്രതിപാദിച്ചില്ല. അവിടത്തെ മണലെടുക്കുന്ന കാര്യം കൂടി പരിഗണിക്കുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, തെന്മലയിൽ ഇത് സംബന്ധമായി 2003-04 വർഷത്തിൽ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി (എൻ. ആർ. എസ്. എ.) ഒരു പഠനം നടത്തുകയുണ്ടായി. ആ പഠന റിപ്പോർട്ട് അനുസരിച്ച് നേരത്തെ ശ്രീ. കെ. രാജു തന്നെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ ജലസംഭരണശേഷി ഏതാണ്ട് 13 ശതമാനം കണ്ട് തെന്മല ഡാമിൽ കുറഞ്ഞിട്ടുണ്ട്. അത്രയേറെ മണൽ ഡിപ്പോസിറ്റ് അവിടെ ഉണ്ട് എന്നാണ് അതിന്റെ അർത്ഥം. അത് കൂടാതെ ഈ പഠനത്തിന്റെ ഭാഗമായിത്തന്നെ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റ് 2010-ൽ ഒരു ഹൈഡ്രോഗ്രാഫിക് സർവ്വേ തെന്മല ഡാമിൽ നടത്തുകയുണ്ടായി. ഹൈഡ്രോഗ്രാഫിക് സർവ്വേ റിപ്പോർട്ട് 2011 ജനുവരിയിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹൈഡ്രോഗ്രാഫിക് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെന്മല ഡാമിൽ നിന്നും മണൽ എടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

(1) കുളമാവ് വാഹനാപകടത്തിൽപ്പെട്ടവർക്ക് ധനസഹായം

ശ്രീ. എ. എം. ആരിഫ് : സർ, അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ കുറ്റിലോട് ഭാഗത്തുള്ള 31 ആളുകൾ 20-12-2010-ൽ ഒരു മിനി ബസ്സിൽ ഒരു കുടുംബചടങ്ങിൽ പങ്കെടുക്കാനായി ഇടുക്കിയിലെ തങ്കമണിക്കടുത്തുള്ള ഒരു ബന്ധുവീട്ടിൽ പോയി മടങ്ങിവരവെ കുളമാവ് എന്ന സ്ഥലത്തുവച്ച് വാഹനം പല കരണംമറിഞ്ഞ് 10-60 അടി താഴ്ച്ചയിലേക്ക് പോയി. 31 പേർക്കും ഗുരുതരമായ പരിക്ക് പറ്റുകയും സംഭവസ്ഥലത്തുവച്ചു തന്നെ ഒരാൾ മരിക്കുകയും അതിനുശേഷം രണ്ടുപേർ കൂടി മരിക്കുകയുമുണ്ടായി. ആ സമയത്ത് ബഹുമാനപ്പെട്ട എം. എൽ. എ. മാരായ ശ്രീ. കെ. കെ. ജയചന്ദ്രനും ശ്രീ. റോഷി അഗസ്റ്റിനുമെല്ലാം സംഭവസ്ഥലത്തെത്തി. അവരെ സഹായിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നും ഇടപെട്ട് അവർക്കാവശ്യമായ പ്രാഥമികമായ സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു. എന്നിരുന്നാലും പിന്നീട് ഇവർ പല ആശുപത്രികളിലാണ് പോയത്. സ്വകാര്യ ആശുപത്രിയിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി പോയപ്പോഴാണ് രണ്ടുപേർ മരിച്ചത്. അവരുടെ ചികിത്സാ ചെലവ്, രണ്ടര ലക്ഷം രൂപയിൽ അധികമായി. അങ്ങനെ ആളുകൾ മരിക്കുകയും നിരവധി ആളുകൾ ചികിത്സയിൽ തുടരുകയുമാണ്. മൂന്നുപേർ മരിച്ചതിൽ ഒരാളുടെ ഭാര്യയ്ക്ക് 4 വയസ്സ് പ്രായമുള്ള ഒരു കുട്ടി മാത്രമേയുള്ളൂ. അവർ ഈ ദു:ഖത്താൽ ആത്മഹത്യ ചെയ്യാൻ മുതിർന്നതിനെത്തുടർന്ന് ഇപ്പോൾ ആശുപത്രിയിലാണ്. ഈ കുടുംബങ്ങളെല്ലാം വളരെ വളരെ പാവപ്പെട്ട നിർദ്ധന കുടുംബാംഗങ്ങളാണ്. ഇവർ ഒരു ചടങ്ങിനുവേണ്ടി പോയതാണ്. അനേകം രൂപ ഇവരുടെ കയ്യിൽ നിന്ന് ചെലവായിരിക്കുന്നു. അതുകൊണ്ട് പ്രത്യേകമായ് ഒരു ക്യാബിനറ്റ്

LIBRARY ARCHIVES Kerala Legislative Assembly